**കേരള സർവകലാശാല**

**ഒന്നാം വർഷ ബിരുദ പ്രവേശനം 2020**

**മൂന്നാം അലോട്ട്മെൻറ് - കോളേജ് പ്രവേശനം 21.10.2020 മുതൽ 28.10.2020 വരെ**

**നിർദ്ദേശങ്ങൾ**

1. വിദ്യാർത്ഥിയുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് മൂന്നാം അലോട്ട്മെന്റ് പരിശോധിക്കുക. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസ് അടച്ച് അലോട്ട്മെൻറ് മെമ്മോ ഡൗൺലോഡ് ചെയ്യുക. ഒന്ന്, രണ്ട് ഘട്ട അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ചവർക്ക് മൂന്നാം ഘട്ടത്തിൽ പുതിയ അലോട്ട്മെന്റ് ലഭിച്ചാൽ പ്രൊഫൈലിൽ നിന്നും അലോട്ട്മെൻറ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. ഇങ്ങനെയുള്ളവർ പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. 21.10.2020 മുതൽ 28.10.2020 വരെ യാണ് കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ടത്. ഓരോ കോഴ്സിനും ഓരോ ദിവസവും സമയവുമാണ് അനുവദിച്ചിട്ടുള്ളത്. കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ട തീയതിയും സമയവും അലോട്ട്മെന്റ് മെമ്മോയിൽ നൽകിയിട്ടുണ്ട്. അലോട്ട്മെന്റ് ലഭിച്ചവർ മെമ്മോയിൽ പറഞ്ഞിട്ടുള്ള സമയത്തു തന്നെ ആവശ്യമായ രേഖകളുടെ ഒറിജിനൽ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. 21.10.2020 മുതൽ കോളേജിൽ അഡ്മിഷൻ തുടങ്ങുന്നതിനാൽ അതിനു മുൻപ് തന്നെ ഫീസ് അടച്ച് മെമ്മോ ഡൗൺലോഡ് ചെയ്യാൻ ശ്രദ്ധിക്കുക. **അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിട്ടുള്ള സമയത്തു തന്നെ കോളേജിൽ ഹാജരാകാൻ ശ്രദ്ധിക്കുക.** ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിയിലോ സമയത്തോ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്.

2. താത്കാലിക അഡ്മിഷൻ : താൽക്കാലിക അഡ്മിഷൻ (Temporary / Provisional Admission) സൗകര്യം മൂന്നാം അലോട്ട്മെന്റിലും ലഭ്യമാണ്. അലോട്ട്മെന്റ് ലഭിക്കുന്നവർക്ക് ആവശ്യമെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ച രസീത്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവ സമർപ്പിച്ച് താൽക്കാലിക അഡ്മിഷൻ എടുക്കാവുന്നതാണ്. Temporary Admission എടുക്കുന്ന വിദ്യാർത്ഥി കോളേജിൽ ഒടുക്കേണ്ട ഫീസുകൾ നൽകേണ്ട ആവശ്യമില്ല. എന്നാൽ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ (including T.C.) കോളേജിൽ സമർപ്പിക്കേണ്ടതാണ്. കോളേജ് അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികൾക്ക് Temporary Admission / Permanent Admission തിരഞ്ഞെടുക്കാവുന്നതാണ്. മൂന്നാമത്തെ അലോട്ട്മെന്റിൽ കൂടി മാത്രമേ ഈ സൗകര്യം ലഭ്യമാവുകയുള്ളൂ. നാലാം അലോട്ട്മെന്റ് മുതൽ വിദ്യാർത്ഥി കോളേജിലെ നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും Permanent Admission എടുക്കേണ്ടതാണ്. രണ്ടാം അലോട്ട്മെന്റിനു ശേഷം Temporary Admission എടുത്ത വിദ്യാർത്ഥിക്ക് പുതിയ അലോട്ട്മെന്റ് ലഭിച്ചാൽ താല്പര്യമെങ്കിൽ പുതിയ കോളേജിൽ ഒരിക്കൽ കൂടി താൽക്കാലിക അഡ്മിഷൻ എടുക്കാം. നിലവിൽ താൽക്കാലിക അഡ്മിഷൻ എടുത്തവർക്ക് താല്പര്യമുണ്ടെങ്കിൽ നാലാം അലോട്ട്മെന്റിനു മുൻപ് എപ്പോൾ വേണമെങ്കിലും ഫീസ് അടച്ച് Permanent Admission എടുക്കാവുന്നതാണ്. നാലാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചാൽ മൂന്നാം അലോട്ട്മെൻറ് വരെ താൽക്കാലിക അഡ്മിഷൻ എടുത്തു നിൽക്കുന്ന എല്ലാവരും കോളേജിൽ ഹാജരായി കോളേജിലെ ആവശ്യമായ ഫീസ് അടച്ച് നിർബന്ധമായും Permanent Admission എടുക്കേണ്ടതാണ്.

3. ലോക്ക് ഡൗണുമായി ബന്ധപ്പെട്ട് വിദേശത്തോ മറ്റു സംസ്ഥാനങ്ങളിലോ കുടുങ്ങിയവർക്ക് അഡ്മിഷൻ എടുക്കുന്നതിനായി പ്രതിനിധിയുടെ സഹായം തേടാം. നേരിട്ടു ഹാജരാകാൻ

കഴിയാത്തവർ വിദേശ രാജ്യങ്ങളിൽ കഴിയുന്നവർ ആണെങ്കിൽ അതിനുള്ള കാരണം കാണിക്കുന്ന സത്യവാങ്മൂലം കോൺസുലേറ്റ് സാക്ഷ്യപ്പെടുത്തി പ്രതിനിധി വശം ഹാജരാക്കേണ്ടതാണ്. അതോടൊപ്പം Authorization letter, ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ എന്നിവ പ്രതിനിധി വശം ഹാജരാക്കേണ്ടതാണ്. അന്യ സംസ്ഥാനങ്ങളിൽ കഴിയുന്നവർ വ്യക്തമായി കാരണം കാണിക്കുന്ന സത്യവാങ്മൂലം, Authorization letter, ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ എന്നിവ പ്രതിനിധി വശം ഹാജരാക്കേണ്ടതാണ്.

4. കോവിഡുമായി ബന്ധപ്പെട്ട് ക്വാറന്റീനിലോ ചികിത്സയിലോ ഉള്ളവർ മുൻകൂട്ടി വിവരം പ്രിൻസിപ്പാളിനെ അറിയിക്കേണ്ടതാണ്. ഇങ്ങനെയുള്ളവർ അഡ്മിഷൻ എടുക്കാൻ എല്ലാ സർട്ടിഫിക്കറ്റുകളും യൂണിവേഴ്സിറ്റി ഫീസ് അടച്ച രസീതും സ്കാൻ ചെയ്ത് കോളേജിലേക്ക് അയക്കേണ്ടതാണ്. അതോടൊപ്പം. ക്വാറന്റീനിലോ കോവിഡ് ചികിത്സയിലോ ആണെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും അയച്ചു കൊടുക്കണം. ഇപ്രകാരം Temporary Admission എടുക്കാം. ക്വാറന്റീൻ സമയം അവസാനിക്കുമ്പോൾ തന്നെ അവർ ഹാജരായി ഒറിജിനൽ സർട്ടിഫിക്കറ്റുകൾ കോളേജിൽ ഹാജരാക്കി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കണം.

5. **കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ അഡ്മിഷൻ സമയത്ത് നിർബന്ധമായും പാലിക്കേണ്ടതാണ്. സാമൂഹിക അകലം പാലിക്കൽ, സാനിറ്റൈസർ ഉപയോഗം തുടങ്ങിയ കാര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. അഡ്മിഷൻ സമയം മുഴുവൻ വിദ്യാർഥികൾ മാസ്ക് ധരിക്കേണ്ടതാണ്. യാതൊരു കാരണവശാലും കൂട്ടം കൂടാൻ പാടില്ല. 1.2 മീറ്റർ അകലം നിർബന്ധമായും പാലിക്കണം. ആൾക്കൂട്ടം ഒഴിവാക്കുന്നതിന് വേണ്ടി അഡ്മിഷൻ സമയത്ത് വിദ്യാർഥിയോടൊപ്പം ഒരാളെ മാത്രമേ കോളേജിനുള്ളിൽ പ്രവേശിപ്പിക്കുകയുള്ളൂ.**